(സി) സംസ്ഥാനത്തെ തുറമുഖങ്ങളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ കേന്ദ്രത്തിന് മുമ്പാകെ സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) :

(എ)-(സി) തുറമുഖ വികസന പദ്ധതിയുടെ ഭാഗമായി കേന്ദ്രസർക്കാർ സ്ഥാപനമായ 'റൈറ്റ്സ്' 2020-ാമാണ്ട് വരെയുള്ള തുറമുഖ സൗകര്യ ആവശ്യകതകളെപ്പറ്റി ഒരു പഠനം നടത്തിയിരുന്നു. പ്രസ്തുത പഠനത്തിൽ വിഴിഞ്ഞം, കായംകുളം, ബേപ്പൂർ എന്നീ തുറമുഖങ്ങൾ വികസന സാദ്ധ്യതയുള്ളതാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതേപ്പറ്റി കൂടുതൽ പഠനം ആവശ്യമാണ്.

12 (*405) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ കമ്പ്യൂട്ടർവൽക്കരിക്കാൻ നടപടി

ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും കമ്പ്യൂട്ടർവൽക്കരിക്കാൻ പദ്ധതിയുണ്ടോ;

(ബി) എങ്കിൽ ഇത് അനുസരിച്ച് ഏതെല്ലാം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ കമ്പ്യൂട്ടർവൽക്കരണം നടത്തിയിട്ടുണ്ട്;

(സി) ബാക്കിയുള്ളവ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) :

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയായിവരുന്നു.

(സി) സംസ്ഥാനത്തെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെ ആദ്യഭാഗമായി തിരുവനന്തപുരം ജില്ലയിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

13 (*406) ക്ഷീരകർഷകർ നേരിടുന്ന പ്രതിസന്ധി

ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. സി.പി. ബാലൻ വൈദ്യർ :

LIBRARY ARCHIVES Kerala Legislative Assembly